പ്രത്യേകം ആശുപത്രി ആരംഭിക്കുന്നതിന് ഇവിടെ സൂചിപ്പിച്ചതുപോലെ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. എം.എൽ.എ.-യുടെ നേതൃത്വത്തിൽ ജനകീയ ധനസമാഹരണം നടത്തി ഭൂമി ലഭ്യമാക്കുന്നതിനുള്ള ശ്രമവും നടന്നുവരികയാണ്. ഇത് ലഭ്യമായാൽ ഉടൻതന്നെ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ജൂനിയർ കൺസൾട്ടന്റുമാരുടെ ഒഴിവുകൾ നികത്തുന്നതിന് സർവ്വീസിൽ പി.ജി. ബിരുദമുള്ള ജീവനക്കാരിൽനിന്നും ഓപ്ഷൻ സ്വീകരിച്ചുകഴിഞ്ഞു. അവരുടെ നിയമനം ഉടൻതന്നെ നടത്തുന്നതാണ്. മറ്റുള്ള അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഉടൻതന്നെ ആ ഒഴിവുകളും നികത്തുന്നതാണ്. . വർക്കിംഗ് അറേഞ്ചുമെന്റിൽ മാറ്റിയിട്ടുള്ള സ്റ്റാഫ് നഴ്സുമാരുണ്ട്. ആ ഒഴിവുകളിലേയ്ക്ക് പകരം ആളിനെ നിയമിച്ചിട്ടുണ്ട്. ആകെ 26 സ്റ്റാഫ് നഴ്സുമാരുടെ പോസ്റ്റിൽ 24 പേരെയും നിയമിച്ചിട്ടുണ്ട്. അങ്ങ് സൂചിപ്പിച്ചകാര്യം എന്താണെന്ന് പരിശോധിച്ച് തീർച്ചയായും ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

6. ആരോഗ്യ സർവ്വകലാശാലയിൽ ജീവനക്കാരെ നിയമിക്കൽ

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, സംസ്ഥാനത്ത് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 2010-ൽ തൃശ്ശൂർ ആസ്ഥാനമായിട്ടാണ് ആരോഗ്യ സർവ്വകലാശാല സ്ഥാപിച്ചത്. പ്രസ്തുത സർവ്വകലാശാല സ്ഥാപിച്ചപ്പോൾ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ആധുനിക അലോപ്പതി, ആയുർവ്വേദം, ഹോമിയോ, സിദ്ധ, യോഗ, നാച്ചുറോപ്പതി, യുനാനി ഉൾപ്പെടെയുള്ള എല്ലാ വിഭാഗങ്ങളിലുമായി ശരിയായ വിദ്യാഭ്യാസവും പരിശീലനവും ഗവേഷണ സൗകര്യങ്ങളും ലഭ്യമാക്കുക എന്നതായിരുന്നു. എന്നാൽ ഇന്ന് അതിന്റെ സ്ഥിതി വളരെ ദയനീയമായി തുടരുകയാണ്. സർക്കാർ മെഡിക്കൽ കോളേജുകൾ, എയ്ഡഡ് സ്വാശ്രയ മെഡിക്കൽ കോളേജുകൾ, ആയുർവ്വേദ കോളേജുകൾ, ഹോമിയോ കോളേജുകൾ, നഴ്സിംഗ് കോളേജുകൾ, ഫാർമസി കോളേജ്, ഡെന്റൽ കോളേജ്, പാരാമെഡിക്കൽ കോളേജുകളുൾപ്പെടെ ഏകദേശം 249 സ്ഥാപനങ്ങൾ ഈ ആരോഗ്യ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം ആരംഭിച്ച് അഞ്ചുവർഷമായിട്ടും സ്വന്തമായൊരു സിസ്റ്റം മാനേജർ മാത്രമാണ് ഈ സർവ്വകലാശാലയിലുള്ളത്. വൈസ് ചാൻസലർ, പ്രോ-വൈസ് ചാൻസലർ തുടങ്ങി ഏഴ് നിർബന്ധിത തസ്തികളിലെ ജീവനക്കാരും 30 വിരമിച്ച ജീവനക്കാരും അറുപതിലധികം ദിവസക്കൂലിക്കാരുമായി ഏകദേശം 117 പേരാണ് ഇവിടെ ജോലി ചെയ്യുവരുന്നത്. ആരോഗ്യ സർവ്വകലാശാല എന്നുള്ള നിലയിൽ അക്കാദമിക് രംഗത്തും ഭരണ രംഗത്തും മുൻ പരിചയവും വിദഗ്ധ സേവനവും ഗുണപരമായ കൂടുതൽ കാര്യക്ഷമതയും ഇല്ലാത്തവരാണ് ഇവിടെ നിയമിക്കപ്പെട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ടുതന്നെ അവർക്ക് ഉത്തരവാദിത്വങ്ങൾ വേണ്ടരീതിയിൽ നടപ്പിലാക്കാൻ കഴിയുന്നില്ല. ചുരുങ്ങിയ കാലയളവിൽത്തന്നെ സർവ്വകലാശാലയുമായി ബന്ധപ്പെട്ട് വലിയ തോതിലുള്ള അഴിമതിയും കെടുകാര്യസ്ഥതയും ഇന്ന് വാർത്തയായി വന്നുകൊണ്ടിരിക്കുകയാണ്. സർവ്വകലാശാലയുടെ രജിസ്ട്രാറെ അടുത്ത ദിവസമാണ് കൈക്കൂലി വാങ്ങിയതിന് കയ്യോടെ പിടികൂടിയത്. സർവ്വകലാശാലാ ക്യാമ്പസിലെ റോഡ് നിർമ്മാണത്തിന് 1.8 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പൊതുമരാമത്ത് വകുപ്പിനെ നിർമ്മാണം ഏൽപ്പിക്കാതെ ഏകദേശം 18 കോടി രൂപ നൽകി, മറ്റൊരു ഏജൻസിയെക്കൊണ്ട് പണിനടത്തിയത് സംബന്ധിച്ച് വിജിലൻസിൽ കേസും നടക്കുകയാണ്. സർവ്വകലാശാല നിയമനം മുഴുവൻ പി.എസ്.സി. വഴിമാത്രം നടത്തണമെന്നും പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്ക വിഭാഗങ്ങൾ ഉൾപ്പെടെയുള്ള അർഹരായ വിഭാഗങ്ങൾക്ക് സംവരണതത്വം ഉറപ്പാക്കണമെന്നും ആക്ടിൽ പറയുന്നുണ്ട്. പക്ഷേ 250 തസ്തികകൾ അനുവദിക്കാൻ സർവ്വകലാശാലാ അധികൃതർ ആവശ്യപ്പെട്ടിട്ടും സർക്കാർ ഇന്നുവരെ അതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല. ഇത് സർവ്വകലാശാലയുടെ കാര്യക്ഷമതയേയും ഗുണമേന്മയേയും മികവുറ്റ ആരോഗ്യ-വിദ്യാഭ്യാസം ലഭ്യമാക്കണമെന്ന ലക്ഷ്യത്തിനും തടസ്സമായിരിക്കുകയാണ്. സർവ്വകലാശാല സ്ഥാപിച്ച് അഞ്ചുവർഷമായിട്ടും ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെട്ട ഒരു ഭരണസമിതി നിലവിൽ വന്നിട്ടില്ല. ഇപ്പോൾ അതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതിനെ സംബന്ധിച്ച് ചില ആക്ഷേപങ്ങൾ ഉന്നയിച്ചിട്ടുണ്ട്. സുതാര്യമായിട്ടല്ല അതിന്റെ നടപടികൾ ആരംഭിച്ചതെന്നുള്ള ആക്ഷേപവും ഉണ്ടായിട്ടുണ്ട്. തെരഞ്ഞെടുപ്പ് നടപടികൾ എത്രയും സുതാര്യമാക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം പ്രസ്തുത സർവ്വകലാശാലയുടെ കാര്യക്ഷമതയും മികവും ഉറപ്പാക്കുന്നതിനും ഈ സർവ്വകലാശാല സ്ഥാപിച്ചതിന്റെ ലക്ഷ്യം നിറവേറ്റുന്നതിനും ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് പി.എസ്.സി. വഴി നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം. കൂടാതെ ഭരണസമിതി തെരഞ്ഞെടുപ്പ് പരാതിയില്ലാതെ സുതാര്യമായി നടത്തുന്നതിനാവശ്യമായ നടപടികൾകൂടി സ്വീകരിക്കണമെന്നും ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, 1-8-2009-ലെ ഉത്തരവു പ്രകാരമാണ് കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസസ് എന്ന കേരള ആരോഗ്യ സർവ്വകലാശാല സ്ഥാപിക്കുന്നത്. ഈ കാലയളവിൽ അത്യാവശ്യം വേണ്ട നാലു തസ്തികകൾ സൃഷ്ടിച്ചിരുന്നു. പ്രസ്തുത സർവ്വകലാശാല സ്ഥാപിച്ചതിനുശേഷം 100 തസ്തികകൾ സ്ഥിരമായും 17 തസ്തികകൾ താല്ക്കാലികമായും അനുവദിച്ചിട്ടുണ്ട്.

ആകെ ആവശ്യമായ 311 തസ്തികകളിൽ 117 തസ്തികകൾ സൃഷ്ടിച്ചു. ബാക്കിയുള്ള 194 തസ്തികകൾകൂടി സൃഷ്ടിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. ആരോഗ്യ സർവ്വകലാശാല രൂപീകൃതമായതിനുശേഷം ആകെ 260 കോളേജുകൾ യൂണിവേഴ്സിറ്റിയുടെ കീഴിൽ അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. മറ്റ് യൂണിവേഴ്സിറ്റികളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളുടെ എണ്ണം: കുസാറ്റ് - 27, കേരള - 228, എം.ജി - 268, കാലിക്കട്ട് - 339, കണ്ണൂർ - 113, കുവാസ് - 260 എന്നിങ്ങനെയാണ്. ഈ കോളേജുകളെല്ലാം മുൻകാലങ്ങളിൽ മറ്റ സർവ്വകലാശാലകളുടെ കീഴിൽ നിലനിന്നിരുന്നു. ഇത്രയും കോളേജുകൾ മറ്റ സർവ്വകലാശാലകളിൽനിന്നും ആരോഗ്യ സർവ്വകലാശാലയിലേയ്ക്ക് അഫിലിയേറ്റ് ചെയ്തപ്പോൾ മറ്റ് സർവ്വകലാശാലകളിൽ വന്നിട്ടുള്ള അധിക തസ്തികകൾ കണ്ടെത്തുന്നതിനുള്ള നടപടികളുമായി മുന്നോട്ടു പോകുകയാണ്. കൂടുതലായി മറ്റ സർവ്വകലാശാലകളിൽ ജീവനക്കാർ ഉണ്ടെങ്കിൽ അത് ആരോഗ്യ സർവ്വകലാശാലയിലേയ്ക്കുമാറ്റി നൽകുന്ന വിഷയം പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. തീർച്ചയായും അവിടെ ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് ആരംഭിച്ചിട്ടുണ്ട്. യൂണിവേഴ്സിറ്റിയുടെ ഭരണം സുതാര്യമായി നടപ്പിലാക്കുന്നതിനായി സർക്കാരിന്റെ ഭാഗത്തുനിന്ന് നിയമാനുസൃതമുള്ള നടപടികൾ ഗവൺമെന്റ് തീർച്ചയായും സ്വീകരിക്കും.

7. മന്ത്രരോഗം

ശ്രീ. പി. തിലോത്തമൻ : സർ, മന്ത്രരോഗം വളരെ വ്യാപകമായി ഉണ്ടായിരുന്ന സ്ഥലമാണ് ചേർത്തല. ഫൈലേറിയ ഡിപ്പാർട്ടുമെന്റിന്റെ ദീർഘകാലത്തെ കാര്യക്ഷമമായ പ്രവർത്തനവും കേന്ദ്ര ഗവൺമെന്റിന്റെ വി.സി.ആർ.സി.-യുടെ സേവനങ്ങളും വഴി ഈ രോഗത്തിൽനിന്ന് പുതിയ തലമുറയെ നമുക്ക് മോചിതരാക്കാൻ കഴിഞ്ഞിരുന്നു. അവിടെ പഴയ തലമുറയിലെ ഏതാനും ആളുകൾക്ക് മാത്രമാണ് ഇന്ന് മന്ത്രരോഗമുള്ളതായി കാണാൻ കഴിയുന്നത്. പുതിയ തലമുറയെ നമുക്ക് അതിൽനിന്നും മോചിപ്പിക്കാൻ കഴിഞ്ഞിരുന്നുവെന്നുള്ളത് എടുത്തുപറയേണ്ട പ്രത്യേകതയാണ്. എന്നാൽ ഈ കഴിഞ്ഞ ദിവസം, ചേർത്തലയിലും ആലപ്പുഴയിലുമുള്ള കൊച്ചുകുട്ടികളിൽ മന്ത്രരോഗം ഉള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുകയാണ്. ഇത് വല്ലാത്ത ആശങ്കയാണ് പൊതുജനങ്ങളിൽ സൃഷ്ടിച്ചിട്ടുള്ളത്. വി.സി.ആർ.സി.-യുടെ പ്രവർത്തനം ചെന്നൈയിലേയ്ക്ക് വിത്ഡ്രോ ചെയ്തു. ഫൈലേറിയ ഡിപ്പാർട്ടുമെന്റിന്റെ നിലവിലുണ്ടായിരുന്ന ഓഫീസിന്റെ പ്രവർത്തനം ഷിഫ്റ്റ് ചെയ്ത് മറ്റുപല ജില്ലകളിലേയ്ക്കും കൊണ്ടുപോയിരിക്കുകയാണ്. അതിന്റെ പ്രവർത്തനം നടക്കുന്നില്ല. ഈ ഒരു സാഹചര്യമാണ് മന്ത്രരോഗം ഇന്ന് കുട്ടികളിൽ റിപ്പോർട്ട് ചെയ്യപ്പെടാൻ ഇടയാക്കിയതെന്നാണ് പൊതുവേ മനസ്സിലാക്കുന്നത്. ഏതായാലും ആശങ്കാജനകമായ ഈ സ്ഥിതിവിശേഷത്തിന് അടിയന്തര പരിഹാരമുണ്ടാക്കാൻ നടപടി സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly